**ഇലക്ഷൻ വകുപ്പിന്റെ ഏകീകൃത കോൾ സെന്റർ ഉദ്ഘാടനം ചെയ്തു.**

തിരുവനന്തപുരം : സംസ്ഥാന ഇലക്ഷൻ വകുപ്പിന്റെ ഏകീകൃത ടോൾ ഫ്രീ നമ്പരായ **1950**-ന്റെ ഉദ്ഘാടനം, ബഹു. ചീഫ് ഇലക്ടൽ ഓഫീസർ ശ്രീ. രത്തൻ. യു. കേൽക്കർ ഐ.എ.എസ്. **01/04/2025** ന് കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനിൽ വച്ച് ഔദ്യോഗികമായി നിർവ്വഹിച്ചു. കേരള സംസ്ഥാന ഐ.റ്റി. മിഷൻ ഡയറക്ടർ ശ്രീ. സന്ദീപ് കുമാർ ഐ.എ.എസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അഡീഷണൽ ചീഫ് ഇലക്ടൽ ഓഫീസർമാരായ ശ്രീമതി. ഷർമിള. സി., ശ്രീ. കൃഷ്ണദാസൻ. പി., ശ്രീ. അനീഷ് റ്റി., എന്നിവരും ഇ-ഗവേർണൻസ് ഹെഡ് ശ്രീ. എസ് സനോബ് കെ.എ.എസ്-ഉം പങ്കെടുത്തു. ഇലക്ഷൻ വകുപ്പിന്റെ കീഴിൽ, ജില്ലാ തലത്തിൽ പ്രവർത്തിച്ചിരുന്ന കോൾ സെന്ററുകൾ, തിരഞ്ഞെടുപ്പ് സമയത്തും സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ യജ്ഞ സമയത്തും മാത്രമാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ സംസ്ഥാന/ ജില്ലാ തലങ്ങളിൽ പ്രവർത്തിച്ചിരുന്ന കോൾ സെന്ററുകൾ ഏകീകരിപ്പിച്ച് **1950** എന്ന ഒറ്റ ടോൾ ഫ്രീ നമ്പരിലേയ്ക്ക് മാറ്റുന്നതിന് ഇലക്ഷൻ വകുപ്പ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന്റെ കീഴിൽ ഈ കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. **1950** എന്ന ടോൾ ഫ്രീ നമ്പർ ഉപയോഗിച്ച് ഇലക്ഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ, ലോകസഭ/ രാജ്യസഭ/ നിയമസഭ തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ് . സംസ്ഥാന ഇലക്ഷൻ കമ്മീഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ **1950** എന്ന ടോൾ ഫ്രീ നമ്പരിലൂടെ ലഭ്യമാകില്ല. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്കും സംശയ ദുരീകരണങ്ങൾക്കും എല്ലാവരും **1950** എന്ന ടോൾ ഫ്രീ നമ്പർ പ്രയോജനപ്പെടുത്തണമെന്നു മുഖ്യ തിരഞ്ഞെടുപ്പ് ഓഫിസർ അറിയിച്ചു